# KANNUR UNIVERSITY
## DIRECTORATE OF PHYSICAL EDUCATION
## MANGATTUPARAMBA, KANNUR -670567.
dpe@kannuruniv.ac.in


No: DPE/DPE-A2/92/2026 (Part II) Dated 17.10.2026

### വിജ്ഞാപനം

**വിഷയം: 2026-27 അധ്യയന വർഷത്തെ ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി പുരുഷ/വനിതാ വിഭാഗം പവർലിഫ്റ്റിങ് ചാംപ്യൻഷിപ്പുമായി ബന്ധപ്പെട്ട് ലോഗോ ഡിസൈനുകൾ ക്ഷണിക്കുന്നു.**

കണ്ണൂർ സർവകലാശാലയുടെ ആഭിമുഖ്യത്തിൽ 2026 ജനുവരിയിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള 2026–27 അധ്യയന വർഷത്തെ ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി പുരുഷ/വനിതാ വിഭാഗം പവർലിഫ്റ്റിങ് ചാംപ്യൻഷിപ്പുമായി ബന്ധപ്പെട്ട് സർഗാത്മകവും നൂതനവുമായ ലോഗോ ഡിസൈനുകൾ ക്ഷണിക്കുന്നു.

പവർലിഫ്റ്റിംഗുമായി ബന്ധപ്പെട്ട്, കായികമനോഭാവം, ടീംവർക്ക്, കണ്ണൂർ സർവകലാശാലയുടെ വ്യക്തിത്വം എന്നിവ പ്രതിഫലിപ്പിക്കുന്ന മൗലികമായ ലോഗോ ഡിസൈനുകൾ സമർപ്പിക്കുന്നതിന് വിദ്യാർത്ഥികൾ, ഡിസൈനർമാർ, സർഗാത്മക താൽപ്പര്യമുള്ള വ്യക്തികൾ, കായിക പ്രേമികൾ , പൊതുജനങ്ങൾ എന്നിവർക്ക് അവസരം നൽകുന്നു. സർവകലാശാല അംഗീകരിക്കുന്ന മത്സര മാർഗനിർദേശങ്ങൾക്ക് വിധേയമായി, വ്യക്തിഗതമായോ ടീമുകളായോ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

### ലോഗോ രൂപകൽപ്പനയ്ക്കുള്ള നിർദേശങ്ങൾ

*ലോഗോ പവർലിഫ്റ്റിംഗുമായി ബന്ധപ്പെട്ട് അന്തർസർവകലാശാലാ കായികമത്സരങ്ങളുടെ ആവേശത്തെ പ്രതിനിധീകരിക്കുന്നതും കണ്ണൂർ സർവകലാശാലയുടെ വ്യക്തിത്വം പ്രതിഫലിപ്പിക്കുന്നതും, സർവകലാശാലാ കായികമത്സരങ്ങളുടെ ആവേശവും ചൈതന്യവും ഉൾക്കൊള്ളുന്ന പ്രതീകങ്ങളും ആയിരിക്കണം

*കണ്ണൂർ അല്ലെങ്കിൽ കേരളവുമായി ബന്ധപ്പെട്ട അനുയോജ്യമായ പ്രതീകങ്ങൾ ആയിരിക്കണം

*ഡിസൈൻ മൗലികവും സർഗാത്മകവുമായിരിക്കണം.

*ലോഗോ ദൃശ്യപരമായി വ്യക്തവും സവിശേഷവുമായിരിക്കണം. ബാനറുകൾ, ജേഴ്സികൾ,സർട്ടിഫിക്കറ്റുകൾ, മറ്റ് പ്രചാരണ സാമഗ്രികൾ എന്നിവയിൽ ഉപയോഗിക്കാൻ അനുയോജ്യമായിരിക്കണം.

*സമർപ്പിക്കുന്ന ലോഗോ ഉയർന്ന റെസല്യൂഷനിലുള്ള ഡിജിറ്റൽ ഫോർമാറ്റിലായിരിക്കണം (PNG അല്ലെങ്കിൽ JPEG ഫോർമാറ്റിൽ).

*ലോഗോയുടെ ആശയവും അതിന്റെ അർത്ഥവും വിശദീകരിക്കുന്ന ഹ്രസ്വ വിവരണം, രൂപകൽപ്പന ചെയ്ത വ്യക്തിയുടെ പേരും ബന്ധപ്പെടാനുള്ള വിവരങ്ങളും, അന്തിമ പരിശോധനയ്ക്കായി ആവശ്യപ്പെടുന്ന പക്ഷം, ലോഗോയുടെ എഡിറ്റ് ചെയ്യാവുന്ന സോഴ്സ് ഫയൽ എന്നിവയും നൽകേണ്ടതാണ്

*തിരഞ്ഞെടുക്കപ്പെടുന്ന വിജയി തുടർന്നുള്ള നിർമ്മാണ ആവശ്യങ്ങൾക്കായി SVG, AI അല്ലെങ്കിൽ EPS പോലുള്ള വെക്ടർ ഫോർമാറ്റുകളിലുള്ള ഫയലുകൾ ആവശ്യപ്പെടുകയാണെങ്കിൽ സമർപ്പിക്കേണ്ടതാണ്.

സമ്മാനത്തുക

തിരഞ്ഞെടുക്കപ്പെടുന്ന മികച്ച ലോഗോയ്ക്ക് ₹5,001/- (അയ്യായിരത്തി ഒന്ന് രൂപ മാത്രം) സമ്മാനമായി നൽകുന്നതാണ്.

**ലോഗോ സമർപ്പിക്കേണ്ട അവസാന തീയതി: 10.11.2026**

**സമർപ്പിക്കേണ്ട ഇ-മെയിൽ വിലാസം: dpe@kannuruniv.ac.in**

താങ്കളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും 2026-27 അധ്യയന വർഷത്തെ ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി പുരുഷ/വനിതാ വിഭാഗം പവർലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിനെ അവിസ്മരണീയമായ കായികമേളയാക്കി മാറ്റുന്നതിൽ പങ്കാളികളാകുന്നതിനും താൽപ്പര്യമുള്ള എല്ലാവരെയും ക്ഷണിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഫോൺ: 0497-2784615**

ഡോ .എ .പ്രവീൺ
കായിക വിദ്യാഭ്യാസ ഡയറക്ടർ

DIRECTORATE OF PHYSICAL EDUCATION
KANNUR UNIVERSITY
KERALA 670567

Director
Directorate of Physical Education
Kannur University
Kannur-670567

പകർപ്പ്:

പബ്ലിക് റിലേഷൻസ് ഓഫീസർ